Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അരൂക്കുറ്റി ഗ്രാമപഞ്ചായത്ത് -ലോക്കൽ ഫണ്ട് ഓഡിറ്റ് 1998-99 ഖണ്ഡിക 21- സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.3223/12/തസ്വഭവ. തിരുവനന്തപുരം, തീയതി: 26.11.2012

---

പരാമർശം: 1.അരൂക്കുറ്റി ഗ്രാമപഞ്ചായത്തിന്റെ 9.3.2012-ലെ യോഗത്തിലെ 12 (1)-ാം നമ്പർ തീരുമാനം.

2. ആലപ്പുഴ ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 27.3.2012-ലെ യോഗത്തിന്റെ II (1)-ാം നമ്പർ തീരുമാനം.
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 18.4.2012-ലെ ഇ 6/5677/12ാം നമ്പർ കത്ത്.
4. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 19.9.2012-ലെ എൽ.എഫ് 10967/പിറ്റി1/12ാം നമ്പർ കത്ത്.

<u>ഉത്തരവ്</u>

ആലപ്പുഴ ജില്ലയിലെ അരൂക്കുറ്റി ഗ്രാമപഞ്ചായത്തിന്റെ 1998-1999 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 21 പ്രകാരം തടസ്സപ്പെടുത്തിയ ജപ്പാൻജ്വര നിർമ്മാർജ്ജനത്തിന് ലഭിച്ച 25,000/- രൂപയിൽ കുഷ്ഠരോഗ നിർമ്മാർജ്ജനത്തിനായി വകമാറ്റി ചെലവഴിച്ച 14352/- (പതിനാലായിരത്തി മൂന്നൂറ്റി അൻപത്തിരണ്ട് രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകണമെന്ന 1,2 പരാമർശങ്ങളിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 3-ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ അപേക്ഷിക്കുകയുണ്ടായി.

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് പഞ്ചായത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ചും, ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട വിഷയമായതിനാലും സർക്കാർ സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 4 ലെ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അരൂക്കുറ്റി ഗ്രാമപഞ്ചായത്തിന്റെ 9.3.2012-ലെ യോഗത്തിന്റെ 12 (1)ാം നമ്പർ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 27.3.2012-ലെ II (1)-ാം നമ്പർ തീരുമാനം എന്നിവ പരിഗണിച്ചും, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ശുപാർശചെയ്തിരിക്കുന്നതിനാലും, അരൂക്കുറ്റി ഗ്രാമപഞ്ചായത്തിന്റെ 1998-99 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഖണ്ഡിക 21 പ്രകാരം തടസ്സപ്പെടുത്തിയ ജപ്പാൻ ജ്വര നിർമാർജ്ജനത്തിന് ലഭിച്ച 25,000/- രൂപയിൽ നിന്ന് കുഷ്ഠരോഗ നിർമ്മാർജ്ജനത്തിനായി വകമാറ്റി ചെലവഴിച്ച 14352/- രൂപ (പതിനാലായിരത്തി മുന്നൂറ്റി അൻപത്തിരണ്ട് രൂപ മാത്രം) ചെലവ് ചെയ്ത ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എം.എസ്.റഷീദ,
അണ്ടർ സെക്രട്ടറി.

സെക്രട്ടറി, അരൂക്കുറ്റി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
എ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, ഗവ. സെക്രട്ടേറിയറ്റ്, സൗത്ത് ബ്ലോക്ക് തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.